ലേഖനം

# ദേഹേഛാ പൂജ

**ജമാൽ കടന്നപ്പള്ളി**

**തൗഹീദിന്റെ** ഒന്നാമത്തെ സാക്ഷാത്കാരം തിന്മകൾക്കെതിരെയുള്ള സമരമത്രെ. അതുകൊണ്ടാണ് 'ലാഇലാഹ ഇല്ലല്ലാഹ്' എന്ന തൗഹീദീവചനം നിഷേധത്തിലാരംഭിച്ച് (ലാഇലാഹ) നിർമാണത്തിലെത്തുന്നത് (ഇല്ലല്ലാഹ്). അല്ലാഹുവല്ലാത്ത എല്ലാ കൃത്രിമ ദിവ്യത്വങ്ങളെയും നിരാകരിക്കുകയും സംഹരിക്കുകയും ചെയ്തുകൊണ്ടുവേണം അല്ലാഹുവിലുള്ള വിശ്വാസം ദൃഢപ്പെടുത്താൻ. ഈ രീതിശാസ്ത്രം കൈക്കൊണ്ടില്ലെങ്കിൽ തൗഹീദ് കലർപ്പറ്റതാവില്ല. വിശുദ്ധ ഖുർആൻ പറഞ്ഞു: "ആർ ത്വാഗൂത്തിനെ നിഷേധിച്ച് അല്ലാഹുവിൽ വിശ്വസിക്കുന്നുവോ അവൻ ബലിഷ്ഠമായ ഒരവലംബപാശത്തിൽ പിടിച്ചിരിക്കുന്നു. അതൊരിക്കലും അറ്റുപോകുന്നതല്ല. അല്ലാഹു സർവശ്രോതാവും സർവജ്ഞനുമത്രെ" (*അൽബഖറ:* 256). സ്വയം ദിവ്യത്വം നടിക്കുന്ന സൂക്ഷ്മവും സ്ഥൂലവുമായ എല്ലാ ദുഷ്ടശക്തികൾക്കുമുള്ള പേരാണ് ത്വാഗൂത്ത്. 'ത്വഗാ' എന്ന ധാതുവിൽനിന്നുളവായ പദമാണ് ത്വാഗൂത്ത്. അതിക്രമിക്കുക, പരിധിവിടുക എന്നൊക്കെയാണ് അതിന്റെ അർഥം. തദടിസ്ഥാനത്തിലാണ് സ്വന്തം പരിധിവിടുന്ന, അഥവാ ദൈവാനുസരണത്തിന്റെ പരിധി ലംഘിക്കുന്ന മുഴുവൻ ദുശ്ശക്തികളും ത്വാഗൂത്തുകളായത്. "അല്ലാഹുവിന് ഇബാദത്ത് ചെയ്യുക; ത്വാഗൂത്തിനെ വിട്ടകലുക എന്ന സന്ദേശത്തോടുകൂടി എല്ലാ ജനപദങ്ങളിലും നാം ദൈവദൂതനെ നിയോഗിച്ചിട്ടുണ്ട്" (*അന്നഹ്ൽ:* 36). പിശാച്, ദേഹേഛ, ഖുർആനും സുന്നത്തും അടിസ്ഥാനമാക്കാതെ നിയമനിർമാണം നടത്തുന്ന ഭരണകൂടങ്ങൾ, കോടതികൾ, നേതാക്കൾ, മന്ത്രവാദികൾ, പുരോഹിതന്മാർ, അതുപോലെ ദൈവത്തിന്റെ വിധിവിലക്കുകൾ പരിഗണിക്കാത്ത കല, ശാസ്ത്രം, വിദ്യാഭ്യാസ പദ്ധതികൾ.... ഒക്കെയും ത്വാഗൂത്തിന്റെ പരിധിയിൽപെടും. ഇവയൊക്കെയും ദൈവാജ്ഞകളെ അതിക്രമിക്കുകയോ അതിനു കാരണമാവുകയോ ചെയ്യുന്നു. എന്നാൽ ഇതിൽ കടുത്ത ത്വാഗൂത്ത് സ്വന്തം ദേഹേഛയാണ്. നബി(സ) അരുൾ ചെയ്തതായി അബൂഉമാമ(റ) നിവേദനം: "ആകാശത്തിനു താഴെ അല്ലാഹുവിനെക്കൂടാതെ ആരാധിക്കപ്പെടുന്ന ദൈവങ്ങളിൽ അല്ലാഹുവിങ്കൽ ഏറ്റവും ഭയങ്കരമത്രെ പിന്തുടരപ്പെടുന്ന ദേഹേഛ." വിശുദ്ധ ഖുർആൻ പറയുന്നു: "സ്വേഛകളെ തന്റെ ദൈവമായി വരിച്ചവന്റെ ഗതിയെക്കുറിച്ച് താങ്കൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? അല്ലാഹു അറിവോടുകൂടി അവനെ ദുർമാർഗത്തിൽ തള്ളിയിരിക്കുന്നു. അവന്റെ കാതുകൾക്കും മനസ്സിനും മുദ്രവെച്ചിരിക്കുന്നു. അവന്റെ കണ്ണുകൾക്ക് മൂടിയിട്ടിരിക്കുന്നു. അല്ലാഹുവിനുശേഷം ആരാണവന് മാർഗദർശനം ചെയ്യുക? എന്ത്, നിങ്ങൾ ഒരു പാഠവും ഉൾക്കൊള്ളുന്നില്ലെന്നോ?" (*അൽഫുർഖാൻ:* 23).

മദ്യപാനം തെറ്റാണെന്നും അല്ലാഹു വിലക്കിയതാണെന്നും അംഗീകരിച്ചുകൊണ്ടുതന്നെ, ആത്മനിയന്ത്രണം സാധിക്കാതെ ഒരാൾ മദ്യപിച്ചാൽ അതൊരു തെറ്റാണ്. തന്റെ ബലഹീനത സമ്മതിച്ച് അല്ലാഹുവോട് ആത്മാർഥമായി ഖേദിച്ചുമടങ്ങിയാൽ നാഥൻ അത് പൊറുത്തുതന്നേക്കും. എന്നാൽ ഇത്തരം തെറ്റുകൾ നിരന്തരം ചെയ്യുകയും ഒപ്പം പശ്ചാത്താപമില്ലാതിരിക്കുകയുമാണെങ്കിൽ ക്രമേണ അയാൾ ദേഹേഛയുടെ കൈയിലെ കളിപ്പാട്ടമാവുന്നു. അഥവാ അറിഞ്ഞോ അറിയാതെയോ അത്തരം ആളുകൾ അല്ലാഹുവെ അനുസരിക്കുന്നതുപോലെ ദേഹേഛയെ അനുസരിക്കുന്ന ഗതിയിലേക്ക് നിപതിക്കുന്നു. ദേഹേഛയെ അന്ധമായി അനുസരിക്കുന്നവന്റെ ആത്മാവ് ഇരുണ്ടുപോവും. 'ലാ തത്തബിഉൽഹവാ' (ദേഹേഛയെ പിൻപറ്റരുത്) എന്ന് വിശുദ്ധ ഖുർആൻ ഇടക്കിടക്ക് പറയുന്നതിന്റെ രഹസ്യം അതാണ്. എന്നാൽ ഇതൊക്കെ വെറും 'തെമ്മാടികളാ'യവരെ പറ്റി മാത്രമാണെന്നും ധരിക്കരുത്. അല്ലാഹു പറയുന്നു: "പ്രവാചകരേ, നാം നമ്മുടെ ദൃഷ്ടാന്തങ്ങളെക്കുറിച്ച അറിവ് നൽകിയിട്ടുണ്ടായിരുന്ന ആ മനുഷ്യന്റെ അവസ്ഥ അവരുടെ മുമ്പിൽ വിശദീകരിക്കുക. പക്ഷേ, അയാൾ അത് അനുസരിക്കുന്നതിൽനിന്ന് ഒഴിഞ്ഞുമാറി. ഒടുവിൽ പിശാച് അയാളുടെ പിന്നാലെ കൂടി. അങ്ങനെ അയാൾ വഴിപിഴച്ചവരിൽപെട്ടവനായിത്തീർന്നു. നാം ഇഛിച്ചെങ്കിൽ അയാൾക്ക് ആ ദൃഷ്ടാന്തങ്ങൾ വഴി ഔന്നത്യം പ്രദാനം ചെയ്യുമായിരുന്നു. പക്ഷേ, അയാളോ മണ്ണിലേക്കൊട്ടിക്കളയുകയും സ്വേഛകളെത്തന്നെ അനുഗമിക്കുകയും ചെയ്തു. അതിനാൽ അയാളുടെ അവസ്ഥ പട്ടിയുടേതു പോലെയായി. നിങ്ങൾ അതിനെ ദ്രോഹിച്ചാലും അത് കിതച്ചുകൊണ്ട് നാക്ക് നീട്ടിക്കൊണ്ടിരിക്കും. വെറുതെ വിട്ടാലും കിതച്ച് നാക്കു നീട്ടിക്കൊണ്ടിരിക്കും. ഇതുതന്നെയായിരുന്നു നമ്മുടെ ദൃഷ്ടാന്തങ്ങളെ തള്ളിപ്പറയുന്നവർക്കുള്ള ഉപമ"(*അൽഅഅ്റാഫ്:* 175,176). വിശുദ്ധ ഖുർആൻ പറയുന്ന ഒരു ഉപമ, സംഭവം എക്കാലത്തെ മനുഷ്യർക്കും പാഠമാവാൻ വേണ്ടിയാണെന്നു പറയേണ്ടതില്ല.

ദേഹേഛയെ അനുസരിക്കരുതെന്നു മാത്രമല്ല, ദേഹേഛയെ ദൈവമാക്കിയവരെ അനുസരിക്കരുതെന്നു കൂടി ഖുർആൻ പ്രഖ്യാപിച്ചിട്ടുണ്ട്: "അല്ലാഹു നിനക്ക് അവതരിപ്പിച്ചുതന്ന നിയമമനുസരിച്ച് ജനത്തിന്റെ വ്യവഹാരങ്ങളിൽ വിധി നടത്തുക. നിനക്കവതരിപ്പിച്ചുകിട്ടിയ സത്യത്തിൽനിന്ന് വ്യതിചലിക്കുന്നവരുടെ ഇഛകളെ പിൻപറ്റാതിരിക്കുകയും ചെയ്യുക" (*അൽ മാഇദ:* 48). "ആർ സ്വന്തം ഇഛയെ പിൻപറ്റിയോ, ആരുടെ കാര്യം പരിധിവിട്ടതായിരിക്കുന്നുവോ അങ്ങനെയുള്ളവനെ നീ അനുസരിച്ചുപോകരുത്" (*അൽകഹ്ഫ്:* 28). "ജൂതന്മാരും ക്രിസ്ത്യാനികളും ഒരിക്കലും നിന്നിൽ സംതൃപ്തരാവുന്നതല്ല; നീ അവരുടെ മാർഗത്തിൽ ചരിക്കാൻ തുടങ്ങിയാലല്ലാതെ. നീ പ്രഖ്യാപിക്കുക: അല്ലാഹു അറിയിച്ചുതന്നത് മാത്രമാകുന്നു സന്മാർഗം. ആ ജ്ഞാനം നിനക്ക് വന്നെത്തിയശേഷവും അവരുടെ ഇഛകളെ പിൻപറ്റിയെങ്കിൽ അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് നിന്നെ രക്ഷിക്കാൻ ഒരു മിത്രമോ സഹായിയോ നിനക്കുണ്ടാവുന്നതല്ല"(*അൽബഖറ:* 120). ഇവിടെ പ്രയോഗിച്ച 'ഇൽമ്' വളരെ ശ്രദ്ധേയമാണ്. ലക്ഷ്യബോധമുള്ള ജ്ഞാനമാണത്. അഥവാ 'സ്വനാഥനെ കുറിച്ച അറിവ് കലരാത്ത ഒരറിവും അറിവല്ല' എന്നാണ് ഈ സൂക്തം മുന്നോട്ടുവെക്കുന്ന തത്ത്വം. നമ്മുടെ കാലഘട്ടത്തെ വല്ലാതെ അളന്ന് തിട്ടപ്പെടുത്തുന്ന ഈദൃശ സൂക്തങ്ങൾ ഖുർആനിൽ ഇനിയുമുണ്ട്. സൂറഃ *അൽജാസിയ* 23-ാം സൂക്തം വ്യാഖ്യാനിച്ചുകൊണ്ട് സയ്യിദ് മൗദൂദി എഴുതുന്നു: "*അദല്ലഹുല്ലാഹു അലാ ഇൽമിൻ* എന്നാണ് മൂലവാക്യം. ഇതിന്റെ ഒരാശയം 'ആ വ്യക്തി ജ്ഞാനിയായതോടുകൂടിത്തന്നെ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് ദുർമാർഗത്തിൽ തള്ളപ്പെട്ടു' എന്നാകാം. എന്തുകൊണ്ടെന്നാൽ അയാൾ ജഡികേഛയുടെ അടിമയായിത്തീർന്നിരിക്കുന്നു. രണ്ടാമതൊരാശയം ഇങ്ങനെയുമാകാം: അയാൾ ജഡികേഛകളെ ദൈവമായി വരിച്ചവനാണെന്ന് അല്ലാഹുവിന്നറിവുള്ളതുകൊണ്ട്, അവൻ അയാളെ ദുർമാർഗത്തിൽ തള്ളി" (*തഫ്ഹീമുൽ ഖുർആൻ*). ◆